**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെഷൻ -അദാലത്ത് നടത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി- ബി ) വകുപ്പ്.**

സ ഉ (എം എസ് )നം. 275/2017/ധന തിരുവനന്തപുരം തീയതി 24/05/2017

---

സൂചന :-

1. സ ഉ (എം എസ് )നം34/2017/ധന തീയതി 21/01/ 2017
2. സ ഉ (സാ ധാ )നം3634/2017/ധന തീയതി 25/04/2017
3. സ ഉ (എം എസ് )നം.251/2017/ധന തീയതി 05/05/2017
4. സ ഉ (എം എസ് )നം258/2017/ധന തീയതി 11/05/2017

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ ജനകീയമായി പരിഹരിക്കുന്നതിലേക്ക് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ പെൻഷൻ അദാലത്തു നടത്തുവാൻ സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവാകുകയും അദാലത്തു നടത്തുന്നതിനുവേണ്ട നടപടിക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അദാലത്തു നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 20/05/2017 വരെയായിരിക്കുമെന്നും അംഗീകരിച്ച് സൂചന 2 പ്രകാരവും ഉത്തരവായിട്ടുണ്ട്. തുടർന്ന് സൂചന 3 പ്രകാരം അദാലത്ത് നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 20/05/2017 എന്നത് 10/05/2017 മുതൽ 25/05/2017 എന്നാക്കിയും ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പ്രാദേശിക സർക്കാരുകളിൽ അത് 31/05/2017 വരെ ദീർഘിപ്പിച്ച് സൂചന 4 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അദാലത്തിൽ ലഭിക്കുന്ന പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത് എല്ലാ പ്രാദേശിക സർക്കാരുകളിലും അദാലത്ത് നടത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന നിർദ്ദേശങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രാദേശിക സർക്കാരുകളിൽ പെൻഷൻ അദാലത്ത് നടത്തുന്നതിനുള്ള കാലാവധി 31/05/2017 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇ കെ പ്രകാശ്

ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

പ്രൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ